(ബി) ഈ ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്രപേർക്ക് നിയമനം നൽകി;

(സി) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ പാലക്കാട് ജില്ലയിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ നിയമ തടസ്സമുണ്ടോ;

(ഇ) ഇല്ലെങ്കിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2002-ൽ നിലവിൽ വന്നു. റാങ്ക് ലിസ്റ്റിൽ ആകെ ഉണ്ടായിരുന്നവരുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 129 പേർക്ക്.

(സി) 52 ഒഴിവുകൾ.

(ഡി) ദേശീയ കുഷ്ഠരോഗ നിവാരണ പദ്ധതിയിലെ സ്ഥിരം ജീവനക്കാരെ പൊതുജനാരോഗ്യ പരിപാടിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിലേക്ക് ഇന്റഗ്രേറ്റ് ചെയ്യേണ്ടതായിട്ടുള്ളതിനാൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ തൽക്കാലം കഴിയുകയില്ല.

(ഇ) ഉത്തരം 'ഡി' യ്ക്ക് നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ തൽക്കാലം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർവ്വാഹമില്ല.

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നടത്തിയ കോഴ്സുകൾക്ക് സർക്കാർ അംഗീകാരം

167 [1643] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നടത്തിയ പോസ്റ്റ്ഗ്രാഡുവേഷൻ ഡിപ്ലോമ ഇൻ ക്ളിനിക്കൽ സൈക്കോളജി പോസ്റ്റ്ഗ്രാഡുവേഷൻ ഡിപ്ലോമ ഇൻ സോഷ്യൽ വർക്ക് എന്നീ കോഴ്സുകൾക്ക് സർക്കാർ അംഗീകാര നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ കോഴ്സുകൾക്ക് പബ്ളിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ പ്രസ്തുത കോഴ്സുകൾക്ക് സർക്കാർ അംഗീകാരവും പി.എസ്.സി.-യുടെ അംഗീകാരവും ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത കോഴ്സുകൾക്ക് അംഗീകാരവും കോഴ്സ് വിജയിച്ചവർക്ക് തൊഴിൽ സാദ്ധ്യതകളും ഉറപ്പാക്കുന്നതിനുവേണ്ട നടപടി ആവശ്യപ്പെട്ട് ഈ കോഴ്സ് പാസ്സായ വിദ്യാർത്ഥികൾ നൽകിയ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി ആന്റ് ഡി) ക്ളിനിക്കൽ സൈക്കോളജിയിൽ പോസ്റ്റ്ഗ്രാഡുവേഷൻ ഡിപ്ലോമ നേടിയവരെ ക്ളിനിക്കൽ സൈക്കോളജിസ്റ്റ് എന്ന തസ്തികയിലേക്കും സോഷ്യൽ വർക്കിൽ പോസ്റ്റ്ഗ്രാഡുവേഷൻ ഡിപ്ലോമ നേടിയവരെ സൈക്യാട്രിക് സോഷ്യൽ വർക്കർ എന്ന തസ്തികയിലേക്കും നിയമിക്കുന്നതിനുള്ള കരട് സ്പെഷ്യൽ റൂൾസ് ഗവൺമെന്റിന്റെ പരിശോധനയിലാണ്.

ആരോഗ്യ വകുപ്പിൽ വിദേശത്ത് ജോലി ചെയ്യുന്നതിനുള്ള ശൂന്യവേതന അവധി ലഭിക്കാത്ത വിഭാഗത്തിൽപ്പെട്ടവർ

168 [1644] ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിൽ ജോലി ചെയ്യുന്ന ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് വിദേശത്ത് ജോലി എടുക്കുന്നതിന് ശൂന്യവേതന അവധി അനുവദിക്കാത്തത്;

(ബി) പി. എസ്.സി. ലിസ്റ്റ് നിലവിലുണ്ടായിട്ടും അവധി അനുവദിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അനുമതി ഉള്ള വിഭാഗത്തിന് എന്തെങ്കിലും നിബന്ധന നിഷ്കർഷിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കാമോ;

(ഇ) ഇത്തരം നിബന്ധന നിഷ്ക്കർഷിക്കുന്നതുകൊണ്ട് എന്തെങ്കിലും നേട്ടമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly